**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3024** **13-07-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വഴി നടപ്പിലാക്കുന്ന റോഡിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി വഴി നടപ്പിലാക്കുന്ന പൊട്ടൻകാവ് - നെല്ലിക്കാട് - തുങ്ങാംപാറ - തെരളിക്കുഴി റോഡിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; ഇതിനായുള്ള അലൈൻമെന്റ് സ്കെച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കിഫ്ബി വഴി നടപ്പിലാക്കുന്ന പൊട്ടൻകാവ്-നെല്ലിക്കാട്-തുങ്ങാൻപ്പാറ-- തെരളിക്കുഴി റോഡിന് 15 കോടി രൂപയുടെ ഭരണാനുമതിയും സ്ഥലമേറ്റെടുക്കലിനുൾപ്പെടെ 18.748 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി അലൈൻമെന്റ് സ്കെച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. പ്രവൃത്തി കിഫ്ബിയുടെ എഫ്ഡിആർ പദ്ധതിയിലുൾപ്പെടുത്തി ടെണ്ടർ ചെയ്ത് ടെണ്ടർ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കിഫ്ബി വഴി നടപ്പിലാക്കുന്ന ചൊവ്വല്ലൂർ - മൈലാടി - നെടുങ്കുഴി - പരുത്തംപാറ - മൈലാടി സി. എ. റ്റി. (കോളേജ് ഓഫ് ആർക്കിടെക്ചർ) റോഡിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി വിശദമാക്കാമോ; ഇതിനായുള്ള അലൈൻമെന്റ് സ്കെച്ച് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ചൊവ്വല്ലൂർ-മൈലാടി-നെടുങ്കുഴി പരുത്തുംപാറ-മൈലാടി സി.എ.റ്റി. റോഡിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി 11/08/2020-ൽ കിഫ്ബിയിൽ നിന്നും 7.40 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി 22.09.2021 ൽ 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. SIA പഠനത്തിനായി Centre for land and Social Studies എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 6(1) നോട്ടിഫിക്കേഷൻ പ്രകാരം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തിയാക്കി കല്ല് ഇടുന്ന പ്രവൃത്തി ആരംഭിക്കുന്നതാണ്. അലൈൻമെൻറ് പ്ലാൻ റവന്യൂ വകുപ്പിന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരണത്തിനായി കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ